**മഹാത്മാഗാന്ധി സർവകലാശാല**

**(സംഗ്രഹം)**

**ഇന്റേണൽ ക്വാളിറ്റി അഷറൻസ് സെൽ (ഐ.ക്യു.എ.സി) ബജറ്റ് പ്രസംഗത്തിലെ അക്കാദമിക അവാർഡുകൾ -മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**നാക് സെൽ**

സ.ഉ.നം : 5788/നാക്സെൽ/2/2017/അഡ്മിൻ തീയതി,പി.ഡി ഹിൽസ്, 27.09.2017

---

പരാമർശം : 1. സിൻഡിക്കേറ്റിന്റെ ഫിനാൻസ് കമ്മിറ്റി കൺവീനർ 2016 ഡിസംബർ 30 ന് സിൻഡിക്കേറ്റിന്റെ യോഗത്തിൽ നടത്തിയ ബജറ്റ് പ്രസംഗം.

2. സ. ഉ നം. 3513/ നാക് സെൽ/2/ ഐ.ക്യു.എ.സി/2017 തീയതി 13.06.2017.
3. സ. ഉ നം. 3405/നാക് സെൽ/1/ ഐ.ക്യു.എ.സി/2017/ഭ.വി തീയതി 06.06.2017.
4. സ. ഉ നം. 3511/നാക് സെൽ/2/ ഐ.ക്യു.എ.സി/2017 തീയതി 13.6.2017.
5. സ. ഉ നം. 3607/നാക് സെൽ/2/ഐ.ക്യു.എ.സി/2017 തീയതി 16.6.2017.
6. സ. ഉ നം. 3407/നാക് സെൽ/1/ ഐ.ക്യു.എ.സി/2017 തീയതി 6.6.2017.
7. അവാർഡുകളെ സംബന്ധിച്ച് ഐ.ക്യു.എ.സി ഡയറക്ടർ തയ്യാറാക്കിയ മാർഗ്ഗ നിർദ്ദേശം.
8. ഐറ്റം നം. ഒ.എ 18/17.12/172080 2017 സെപ്തംബർ 16-ാം തീയതി രാവിലെ 10.30ന് സിൻഡിക്കേറ്റ് ഹാളിൽ ചേർന്ന സിൻസിക്കേറ്റ് യോഗം.

**ഉത്തരവ്**

പരാമർശം (1) പ്രകാരം നടത്തിയ ബജറ്റ് പ്രസംഗത്തെ തുടർന്ന് പരാമർശം(2), (3), (4), (5),(6) എന്നിവ പ്രകാരം സർവ്വകലാശാല ഉത്തരവുകൾ ഇറക്കിയിരുന്നു.

തുടർന്ന് പരാമർശം (7) പ്രകാരം മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കി.

പരാമർശം (8) പ്രകാരം സിൻഡിക്കേറ്റ് ബഡ്ജറ്റ് പ്രസംഗത്തിലെ അക്കാദമിക അവാർഡുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ പറഞ്ഞിരിക്കുന്നു:

''സർവ്വകലാശാല പഠന വകുപ്പുകളിലേയും അഫിലിയേറ്റഡ് കോളേജുകളിലേയും ഗവേഷണ വിദ്യാർത്ഥികളെ ഗവേഷണ മികവിനുള്ള അവാർഡിനായി പരിഗണിക്കാവുന്നതാണെന്നും ഏറ്റവും മികച്ച ഗവേഷണ പ്രബന്ധത്തിനും മികച്ച ഗവേഷണ ഗ്രന്ഥത്തിനും അവാർഡ് നൽകാവുന്നതാണെന്നും ശാസ്ത്ര വിഷയങ്ങൾ, മാനവിക വിഷയങ്ങൾ, ഭാഷാ വിഭാഗം എന്നിവയിൽ ഓരോന്നിനും മികച്ച റിസർച്ച് ഗൈഡിന് അവാർഡ് നൽകാവുന്നതാണെന്നും തീരുമാനിച്ചു.

ശാസ്ത്ര വിഷയങ്ങളിലെ പ്രബന്ധങ്ങൾക്ക് മാത്രം ഇംപാക്ട് ഫാക്ടർ പരിഗണിക്കുന്നതിനും ആദ്യപടിയായി അവാർഡുകളുടെ പരിഗണനാ കാലാവധി 2014 ജൂൺ 1 മുതൽ 2017 മെയ് 31 വരെയെന്ന് നിജപ്പെടുത്തുവാനും ഓരോ വിഷയത്തിലും മികച്ച ഗവേഷണ പുസ്തകവും ഗവേഷണ പ്രബന്ധവും തെരഞ്ഞെടുക്കുവാൻ വിദഗ്ദ്ധ സമിതികളെ ചുമതലപ്പെടുത്തുന്നതിനും 2014 ജൂൺ 1 മുതൽ 2017 മെയ് 31 വരെയുള്ള കാലയളവിൽ ഒരു റിസർച്ച് സെന്ററിൽ നിന്നും ഒരു പ്രബന്ധം മാത്രം അവാർഡിനായി പരിഗണിക്കുന്നതിനും തീരുമാനിച്ചു''.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
നൗഷാർ കെ.ജെ.
ഡെപ്യൂട്ടി രജിസ്ട്രാർ
രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ് :

1. ഡയറക്ടറുമാർ/വകുപ്പുദ്ധ്യക്ഷൻമാർ,ഡിപ്പാർട്ടുമെന്റുകൾ

2. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
4. അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ
5. ഫിനാൻസ് IV /ആഡിറ്റ് I/സി.എ.എസ്
6. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, എം.ജി യൂണിവേഴ്സിറ്റി
7. റിക്കാർഡ്സ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*ഫയൽ നം. 17902 /02/ നാക് സെൽ/2017.*